# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. T 3240 10/12/2018-ൽ മറുപടി നൽകേണ്ടത്

## വി.എച്ച്.എസ്.ഇ. യിൽ ലാബ് അസിസ്റ്റന്റ് നിയമനം

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കാറ്റഗറി നമ്പർ 147/2014 പ്രകാരം പി.എസ്.സി. 2017 ജൂണിൽ പ്രസിദ്ധപ്പെടുത്തിയ വി.എച്ച്.എസ്.ഇ. ലാബ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ ഒരാൾക്കു പോലും നിയമനം നടത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഒരാൾക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | സർക്കാർ ആരംഭിക്കാൻ പോകുന്ന പുതിയ നൈപുണ്യ വികസന കോഴ്സുകളിൽ ആവശ്യമായ ലാബ് അസിസ്റ്റന്റുമാരെ ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല.<br>ദേശീയ തൊഴിൽ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് (NSQF) നടപ്പ് അധ്യായന വർഷം മുതൽ തുടങ്ങുന്നതിന് 9.5.2018 ലെ സ.ഉ(കൈ) നം.56/2018/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളുടെ പുനർ വിന്യാസം ആവശ്യമായേക്കാവുന്നത് മുന്നിൽ കണ്ടുകൊണ്ട് പുതിയ നിയമന ശിപാർശ / നിയമനങ്ങൾ തൽക്കാലത്തേക്ക് നടത്തേണ്ടതില്ലെന്ന് കേരള പബ്ലിക് സർവീസ് കമ്മീഷനെയും, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടറെയും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ